9

# പ്രകാശിക്കപ്പെട്ട കണ്ണുകൾ

## (1:17- 19)

ആഴ്ച്ചകൾക്കുമുൻപു, വവ്വാലുകളെ കുറിച്ചു റ്റി.വി.യിൽ ഞാൻ ഒരു ഷോ കണ്ടു. ആളുകൾ കാണുന്നതുപോലെയല്ല വവ്വാലുകൾ "കാണുന്നത്." നാം ഒരു മുറിയിൽ ഇരുന്നാൽ, നാം കാണുന്നതു ചുമരുകളും, കസേരകളും, മേശകളും, പുസ്തകങ്ങളും, ആളുകളെയും ആയിരിക്കും. അതേ മുറിയിൽ കൂടെ ഒരു വവ്വാൽ പറന്നാൽ, അതു "കാണുന്നത്" ശബ്ദത്തിന്റെ പ്രതിധ്വനികളെ കേൾക്കുന്നതിലൂടെയാണ്, അല്ലാതെ പ്രകാശ രശ്മിയാലുള്ള കാഴ്ച്ച ആയിരിക്കയില്ല. വവ്വാലിനു അടിസ്ഥാനപരമായി കാഴ്ച്ചയില്ല. ചുറ്റുമുള്ള ലോകത്തെ ആളുകളും വവ്വാലുകളും വ്യത്യസ്തമായാണ് മനസ്സിലാക്കുന്നത്.

ജീവിതത്തെ മനസ്സിലാക്കുന്ന കാര്യത്തിൽ, ക്രിസ്ത്യാനികളും അ - ക്രൈസ്തവരും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഉള്ളവരാകുന്നു. ഇതു പൗലൊസ് 1:17-19-ൽ സമ്മതിക്കുന്നു. അന്യദേവന്മാരെ ആരാധിച്ചിരുന്ന ഒരു പട്ടണത്തിലെ ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതുന്നതാണ് അത്. ആ ക്രിസ്ത്യാനികൾ *എക്ക്ലേസ്യ*യുടെ ഭാഗം ആയിരുന്നു. പുതിയ നിയമത്തിൽ "സഭ" എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്കാണ് *എക്ക്ലേസ്യ*. അതിനർത്ഥം "ഇടവക, കൂടിവരൽ, സഭായോഗം" എന്നാണ്. സഭയെ ഭൗതികമായ ഒരു കെട്ടിടമായി പൗലൊസ് ഒരിക്കലും ചിന്തിച്ചിട്ടില്ല. സഭ, അല്ലെങ്കിൽ *എക്ക്ലേസ്യ* എന്നതു, ആളുകളെ കൊണ്ടുള്ളതാണ് - യേശു ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടവരും മാറിയവരുമാണ് അതിലുള്ളത്. അവിശ്വാസികൾ ജീവിതത്തെ കാണുന്നതിൽ നിന്നും വ്യത്യസ്തമായിട്ടാണ് *എക്ക്ലേസ്യ*യിലെ അംഗങ്ങൾ ജീവിതത്തെ കാണുന്നത്. ഇതു പൗലൊസിന്റെ പ്രാർത്ഥനയിൽ ചിത്രീകരിച്ചിരിക്കുന്നു:

> [എന്റെ പ്രാർത്ഥനയിൽ] നിങ്ങളെ ഓർത്തുകൊണ്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ, ദൈവവും മഹത്വമുള്ള പിതാവുമായവൻ, നിങ്ങൾക്കു തന്നെ കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റേയും വെളിപ്പാടിന്റേയും ആത്മാവിനെ തരേണ്ടതിനും. നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ചിട്ടു, അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും, വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും, അവന്റെ ബലത്തിൽ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ

അറിയേണ്ടതിനു പ്രാർത്ഥിക്കുന്നു (1:17-19).

ക്രിസ്ത്യാനികളും അ - ക്രൈസ്തവരും ജീവിതത്തെ വ്യത്യസ്തമായിട്ടാണ് കാണുന്നത്. വാസ്തവത്തിൽ, *ലോകത്തിനു ഊഹിക്കുവാൻ പറ്റാത്ത വിധത്തിലാണ് നമ്മുടെ പ്രകാശിക്കപ്പെട്ട കണ്ണുകൾ ജീവിതത്തെ കാണുന്നത്.* ലോകത്തിനു കാണുവാൻ കഴിയാത്ത എന്താണ് *എക്ലേസ്യക്കു* കാണുവാൻ കഴിയുന്നത്?

### ദൈവത്തെ കാണുവാനും അറിയുവാനും നമ്മുടെ പ്രകാശിക്കപ്പെട്ട കണ്ണുകൾ സാധ്യമാക്കുന്നു

ഒരു ക്രിസ്ത്യാനി ദൈവത്തെ അറിയുന്നതുപോലെ ക്രിസ്ത്യാനിയാകാത്ത വ്യക്തി അറിയുന്നുണ്ടോ? ക്രിസ്തുവിന്റേതല്ലാത്തവരുടെ അറിവു പരിമിതമാണെന്നു ബൈബിൾ പറയുന്നു. അവർ "അന്ധബുദ്ധികളായി, അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്നു അകന്നുപോയി" (4:18). ഒരു വവ്വാലിനു നാം ഇരിക്കുന്ന മുറിയിലുള്ളതു കാണുവാൻ കഴിയാതിരിക്കയും നമുക്കു കാണുവാൻ കഴിയുകയും ചെയ്യുമെന്ന പോലെ നമുക്കു ദൈവത്തെ കാണുവാനും അറിയുവാനും കഴിയുന്നതുപോലെ ഒരു അ - ക്രൈസ്തവനു കഴിയുകയില്ല. *എക്ലേസ്യക്കു* പുറത്തുള്ളവർ ജീവിതത്തെ മനസ്സിലാക്കുന്നതു ഒരു വിധത്തിലാണ്. *എക്ലേസ്യക്ക്* അകത്തുള്ളവർ മനസ്സിലാക്കുന്നതു വേറൊരു വിധത്തിലാണ്.

ക്രിസ്ത്യാനികൾക്കു പ്രത്യേകമായി ചിലതു നല്കുവാൻ പൗലൊസ് ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ട്: "വെളിപ്പാടിന്റേയും ജ്ഞാനത്തിന്റേയും ആത്മാവിനെ" (1:17). ക്രിസ്തുവിൽ ദൈവം "ക്രിസ്ത്യാനികൾക്ക് - മാത്രം" നല്കുന്ന ഉൾക്കാഴ്ച്ചയും, ക്രിസ്തുവിനുള്ളവരുടെ മേൽ അവനുള്ള സ്വാധീനവും അവരിൽ ഉണ്ടാകുവാൻ അവൻ ആഗ്രഹിക്കുന്നു.

അയോവാ ചോളവയലിന്റെ മദ്ധ്യേ ഒരു ബേസ്ബോൾ കോർട്ട് ഉണ്ടാക്കിയ, റേ കിൻസെല്ല എന്ന കഥാപാത്രത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നു *ഫീൽഡ് ഓഫ് ഡ്രീമ്സ്* എന്ന സിനിമ. അയാൾ അതിന്റെ പണി പൂർത്തിയാക്കിയപ്പോൾ, മുൻകാലങ്ങളിൽ ജീവിച്ചിരുന്ന ബേസ്ബോൾ കളിക്കാർ വീണ്ടും ആ വയലിൽ കളിക്കുവാൻ വന്നു. വളരെ നാൾ, റേയ്ക്കും, അദ്ദേഹത്തിന്റെ ഭാര്യക്കും, അയാളുടെ മകൾക്കും മാത്രമെ കളിക്കാരെ കാണുവാൻ കഴിഞ്ഞുള്ളൂ. കളിക്കാർ മറ്റുള്ളവർക്ക് അദൃശ്യമായിരുന്നു - അവർ വിശ്വസിക്കാത്തതാണ് അദൃശ്യമാകുവാൻ കാരണം. കഥയിൽ, റേയുടെ അളിയൻ വിചാരിച്ചത് റേയ്ക്കു എന്തോ മാനസിക പ്രശ്നമുള്ളതുകൊണ്ടാണ് അയാൾക്കു കാണുവാൻ കഴിയാത്ത ആളുകളെ റേയ്ക്ക് കാണുവാൻ കഴിഞ്ഞതു എന്നാണ്.

അതുപോലെയാണ് ക്രിസ്ത്യാനികൾക്കും സംഭവിക്കുന്നത്. ദൈവം ക്രിസ്ത്യാനികൾക്കു കാണുവാൻ സാധ്യമാക്കിയിരിക്കുന്നതു കാണുവാൻ പറ്റാത്ത ആളുകളാണ് നമുക്കു ചുറ്റും ഉള്ളത്. ക്രിസ്തുവിനു പുറത്തുള്ളവർ ദൈനന്ദിന ജീവിതത്തെ കാണുന്നത് - വീടുകൾ, കാറുകൾ, സ്ക്കൂളുകൾ, ഒഴിവുകാല സന്ദർശനങ്ങൾ എന്നിവയായിട്ടാണ്. അവർ മനസ്സിലാക്കിയിരിക്കുന്നത് ഇവയാണ് യാഥാർത്ഥ്യത്തിന്റെ സത്ത എന്നാണ്.

അവർ ഭൗതികമായ, ദൃശ്യമായ, വാസ്തവിക ലോകത്തെ മാത്രമെ കാണുന്നുള്ളൂ.

വ്യത്യസ്തമായ യാഥാർത്ഥ്യത്തെ അല്ലെങ്കിൽ വ്യാപ്തിയെ ആണ് എഫെസ്യർ 1-ൽ ഉടനീളം പൗലൊസ് പറഞ്ഞത്. അതു നമ്മുടെ ഭൗതിക കണ്ണുകൾക്ക് അദൃശ്യമാണ്, പക്ഷെ അതു ഭൗതിക ലോകം എന്ന പോലെ യാഥാർത്ഥ്യമായതാണ്. *എക്ലേസ്യ*യിലെ അംഗങ്ങളെ പോലെ, പൗലൊസ് എഴുതിയതു അങ്ങനെ തന്നെ നമുക്കു മനസ്സിലാക്കാം.

ദൈവം യേശുവിൽ സ്ഥാപിച്ചതിനെ യാഥാർത്ഥ്യമായും അതിന്റെ ഫലമായി നമ്മുടെ ജീവിതം എന്നേക്കും മാറിയത് എങ്ങനെയെന്നും പരിശുദ്ധാത്മാവിനെ നമ്മിൽ തന്നിരിക്കുന്നതുകൊണ്ട് നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. കൃപയുടേയും, പാപമോചനത്തിന്റേയും, വീണ്ടെടുപ്പിന്റേയും, ആത്മിയ അവകാശത്തിന്റേയും, നമ്മുടെ ആത്മാക്കളിൽ വസിക്കേണ്ടതിനു നല്കിയ ദൈവത്തിന്റെ ആത്മാവിനേയും നാം കാണുകയും യാഥാർത്ഥ്യം മനസ്സിലാക്കുകയും ചെയ്യുന്നു. *എക്ലേസ്യക്കു* പുറത്തു ഇവ ഒന്നും യാഥാർത്ഥ്യമല്ല.

മറ്റുള്ളവർക്കു മനസ്സിലാക്കുവാൻ കഴിയാത്തതു മനസ്സിലാക്കുവാൻ *എക്ലേസ്യക്ക്* ദൈവം കഴിവു നല്കുന്നതെന്തുകൊണ്ട്? ദൈവത്തെ നാം വ്യക്തിപരമായി അറിയുവാൻ അവൻ ആഗ്രഹിക്കുന്നു. പൗലൊസ് പറഞ്ഞു, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ, ദൈവവും മഹത്വമുള്ള പിതാവുമായവൻ, നിങ്ങൾക്കു *തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ* ജ്ഞാനത്തിന്റേയും വെളിപ്പാടിന്റേയും ആത്മാവിനെ തരേണ്ടതിന്നും" (1:17).

നിങ്ങൾ ദൈവത്തെ അറിയണമെന്നു ദൈവം ആഗ്രഹിക്കുന്നു. അസാധാരണമായി ദൈവത്തെ പരിചയപ്പെടുന്നതിനു വിപരീതമായി, വ്യക്തിപരമായ, ആഴത്തിലുള്ള, പൂർണ്ണമായ അറിവാണ് പൗലൊസ് ദൈവത്തെ അറിയുന്നതിന് ഉദ്ദേശിച്ച വാക്കിൽ ഉള്ളത്. ഇത്തരത്തിലുള്ള അറിവു പങ്കെടുക്കലിൽ കൂടെയും അനുഭവത്തിൽ കൂടെയുമാണ് വരുന്നത്. വ്യക്തിപരമായി ആരെയെങ്കിലും അറിയുന്നതിനാണ് അത് പ്രാധാന്യം നല്കുന്നത്, അല്ലാതെ ആരെയെങ്കിലും കുറിച്ചു ചില വസ്തുതകളോ വിശദാംശങ്ങളോ അറിയുന്നതല്ല.

ദൈവത്തെ വ്യക്തിപരമായി അറിയുവാൻ സാധിക്കുന്നത് ക്രിസ്ത്യാനികൾക്കിടയിൽ മാത്രമാണ്. അതുകൊണ്ടാണ് ഒരു ഇടവക വാസ്തവത്തിൽ *എക്ലേസ്യ* ആകേണ്ടത് പ്രാധാന്യം ഉള്ളതാകുന്നത്. സമൂഹത്തിലെ മറ്റൊരു സംഘടനയായി തീരുവാനല്ല പ്രാദേശിക സഭയെ കുറിച്ചു ദൈവം ആഗ്രഹിക്കുന്നത്. *എക്ലേസ്യ* എന്നതു വെറും കൂടിവരുന്ന സ്ഥലവും പരിപാടികളും എന്നതിലുപരിയാണ്. ബൈബിൾ ക്ലാസുകളും ആരാധിക്കുവാൻ കൂടിവരുന്ന സഭായോഗത്തേക്കാളുപരിയാണ് അത്. ദൈവത്തെ അറിയുവാൻ ക്രിസ്ത്യാനികൾക്കുള്ള അവസരം വാസ്തവത്തിലുള്ള *എക്ലേസ്യ*യിലാണുള്ളത്.

ഒരു പ്രാദേശിക സഭയിലെ ഓരോ അംഗവും കർത്താവിനെ അറിയുന്നതിൽ അന്യോന്യം സഹായിക്കുന്നതു ഒഴിച്ചുകൂടാനാവാത്തതാണ്. കർത്താവിന്റെ ആത്മാവു വസിക്കുന്ന ആളുകൾ ആയി ക്രിസ്ത്യാനികൾ പരസ്പരം പ്രവർത്തിക്കുമ്പോഴാണ് ദൈവിക പരിജ്ഞാനം സംഭവിക്കുന്നത്. കർത്താവിനെ സംബന്ധിച്ച അറിവു നാം അന്യോന്യം ആശയവിനിമയം നടത്തു

മ്പോൾ അതു സംഭവിക്കുന്നു. പുതിയ നിയമത്തിലെ "അന്യോന്യം" എന്ന കല്പനയെ[1] ഓരോരുത്തരും ദിവസവുമുള്ള കാര്യങ്ങളിൽ, വ്യക്തിപരമായി പരിശീലിക്കുകയും കർത്താവിന്റെ സാന്നിധ്യത്തെ അനുഭവിക്കുകയും ചെയ്യുമ്പോൾ അതു സംഭവിക്കുന്നു.

ഈ പാഠത്തിൽ മറ്റൊന്നും നിങ്ങൾ ഓർമ്മിച്ചില്ലെങ്കിലും, ഇതു ദയവായി മനസ്സിലാക്കുക: *വാസ്തവത്തിൽ ദൈവത്തെ അറിയുവാനുള്ള ഏർപ്പാടാണ് ഏക* എക്ലേസ്യ (*നിരന്തരം അന്യോന്യം പ്രവർത്തിക്കുന്ന ക്രിസ്തീയ കൂട്ടം*) *നല്കുന്നതു.*

ക്രിസ്ത്യാനികൾ പരസ്പരം പ്രവർത്തിക്കുവാനും, കൂട്ടായ്മ ആചരിക്കുവാനും, മറ്റു ക്രിസ്ത്യാനികളുടെ വ്യക്തിപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും അവരെ പ്രബോധിപ്പിക്കുന്നതിന് ഓരോ ഇടവകയിലേയും സഭാദ്ധ്യക്ഷന്മാർ ശ്രദ്ധ ചെലുത്തുന്നതിൽ സമർപ്പിക്കപ്പെടണം. *എക്ലേസ്യ* അതിന്റെ ആരംഭ ഘട്ടത്തിൽ അങ്ങനെ ചെയ്തിരുന്നു, അത് അങ്ങനെ പ്രവർത്തിക്കണമെന്നാണ് ദൈവം അർത്ഥമാക്കിയതും.

### അദൃശ്യമായ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ നമ്മുടെ പ്രകാശിക്കപ്പെട്ട കണ്ണുകൾ സഹായിക്കുന്നു

മൂന്നു അദൃശ്യ യാഥാർത്ഥ്യങ്ങളെ പൗലൊസ് പറഞ്ഞു: പ്രത്യാശ, അവകാശം, ശക്തി:

> അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും, വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാ ധനം ഇന്നതെന്നും, അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്ക് വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും,
> നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു (1:18-19).

ക്രിസ്ത്യാനികൾ ആയതുകൊണ്ട് നമുക്കുള്ള പ്രത്യാശ ഭൗതിക കണ്ണുകൾ കൊണ്ട് കാണുവാൻ പറ്റാത്തതാണ്. ഹൃദയ ദൃഷ്ടി കൊണ്ടു മാത്രമേ നമ്മുടെ പ്രത്യാശ കാണുവാൻ സാധിക്കൂ. ക്രിസ്ത്യാനികൾക്കു മാത്രമെ അതു മനസ്സിലാകയുള്ളൂ. നാം യേശുവിന്റെ അടുക്കൽ വരുന്നതിനു മുൻപു, നമുക്ക് ഈ പ്രത്യാശ ഇല്ലായിരുന്നു. "അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും, പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ" (2:12).

ക്രിസ്ത്യാനികൾക്കു മാത്രം ഉള്ളതാണ് "സ്വർഗ്ഗത്തിൽ വെച്ചിരിക്കുന്ന ... പ്രത്യാശ" (കൊലൊസ്യർ 1:5). "മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പുനരുത്ഥാനം ഉള്ള ജീവനുള്ള പ്രത്യാശ" ക്രിസ്ത്യാനികൾക്കു മാത്രം ഉള്ളതാണ് (1 പത്രൊസ് 1:3). ക്രിസ്ത്യാനികൾ എന്ന രീതിയിൽ നമുക്കുള്ള പ്രത്യാശ വെറും തൃപ്തി-കരമായ മനോഭാവം പോലെ ഒന്നല്ല. ജീവിതത്തെ സംബന്ധിച്ചുള്ള നല്ല മനോഭാവത്തിലും അപ്പുറമാണ് നമ്മുടെ പ്രത്യാശ. അവന്റെ ജീവിതം നമ്മുടെ ജീവിതം എന്നും അവന്റെ നിത്യഭവനം നമ്മുടെ ഭവനമെന്നും വാഗ്ദാനം ചെയ്ത ജീവനുള്ള കർത്താവിന്റെ യാഥാർത്ഥ്യത്തെയാണ് അത് കേന്ദ്രീകരിക്കുന്നത്. പ്രകാശിക്കപ്പെട്ട

കണ്ണുകൾക്കു മാത്രമെ അത്തരം പ്രത്യാശ കാണുവാൻ കഴിയൂ.

അതിലുപരിയായി, ക്രിസ്ത്യാനികളുടെ പ്രകാശിതമായ കണ്ണുകൾക്കു മാത്രമെ *എക്ലേസ്യയെ* ദൈവത്തിന്റെ സ്വന്ത അവകാശമായി കാണുവാൻ കഴിയൂ. "വിശുദ്ധന്മാരിൽ തന്റെ അവകാശത്തിന്റെ മഹിമാ ധനം" കാണുവാൻ ക്രിസ്ത്യാനികൾക്കു വേണ്ടി പൗലൊസ് പ്രാർത്ഥിക്കയുണ്ടായി. ദൈവത്തിനുള്ളതെല്ലാം ഒന്നു ചിന്തിക്കുക. ഈ ഭൂമിയുടെ എല്ലാ മനോഹാരിതയെയും ചിന്തിക്കുക. അതിന്റെ എല്ലാ ധനത്തെയും എണ്ണുക. സൂര്യന്റേയും, ചന്ദ്രന്റേയും, നക്ഷത്രത്തിന്റേയും മഹിമ അന്വേഷിക്കുക. വിശാലമായ പ്രപഞ്ചത്തിലെ ആകാശത്തിലേക്കു സൂക്ഷിച്ചു നോക്കി താരവ്യൂഹങ്ങളെ വിസ്മയാവഹമായി വീക്ഷിക്കുക. ദൈവത്തിന്റെ എല്ലാ സൃഷ്ടികളേയും അവന്റെ മുൻപിൽ വെച്ചിട്ടു ഏറ്റവും വലിയ നിധി ഏതെന്ന് അവനോടു തന്നെ ചോദിച്ചാൽ, അത് ഏതായിരിക്കും? ദൈവത്തിന്റെ ഏറ്റവും വിലപിടിച്ച സമ്പാദ്യം ഏതാണ്?

പ്രപഞ്ചത്തിൽ സൃഷ്ടിക്കപ്പെട്ട എല്ലാ സമ്പാദ്യങ്ങളിലും വെച്ചു ക്രിസ്ത്യാനികൾ മനസ്സിലാക്കുവാൻ പൗലൊസ് ആഗ്രഹിച്ചത്, ദൈവം വിലയേറിയ സമ്പാദ്യമായി തിരഞ്ഞെടുക്കുന്നത് *എക്ലേസ്യ* ആയിരിക്കും! ദൈവം കാണുന്നതുപോലെ അല്ല ലോകം സഭയെ കാണുന്നത്. സഭയ്ക്കു ദൈവം ചേർത്തതായ ഉയർന്ന മൂല്യം കാണുവാൻ അധികം ക്രിസ്ത്യാനികൾക്കും കഴിയുന്നില്ല.

പ്രകാശിതമായ കണ്ണുകൾ സഭയെ വ്യത്യസ്തമായിട്ടാണ് കാണുന്നത്. അതു ദൈവത്തിന്റെ അവകാശവും, ദൈവത്തിന്റെ നിധിയും, ദൈവത്തിന്റെ വിലയേറിയ സമ്പാദ്യവുമാണ്. അതാണ് നാം സഭയ്ക്കുള്ളവരാകുമ്പോൾ ആകുന്നത്. നാം *എക്ലേസ്യയുടെ* ഭാഗമാണ് – അത് തന്റെ സ്വന്തമെന്നു വിളിക്കുന്ന ഒരു കൂട്ടം ആളുകളെ വാർത്തെടുക്കുന്നതിന് വർഷങ്ങളായി ദൈവം സൂക്ഷിച്ചിരുന്ന തന്റെ പദ്ധതി വെളിപ്പെടുത്തുന്നതാണ്.

നമ്മുടെ പാഠ്യഭാഗത്തു മറ്റൊരു അദൃശ്യമായ യാഥാർത്ഥ്യം കൂടെ സൂചിപ്പിക്കുന്നുണ്ട് – ശക്തി. "വിശ്വസിക്കുന്നവരിൽ വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പത്തെ" കുറിച്ചു പൗലൊസ് എഴുതി. സുവിശേഷം മൂലം *എക്ലേസ്യക്കു* ലഭിക്കുന്ന ശക്തിയെ മനസ്സിലാക്കി തരുവാൻ അവൻ വിവിധ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. വാക്യം 19–ൽ[2] "ശക്തി" എന്നതിനു നാലു വ്യത്യസ്ത വാക്കുകൾ ഉപയോഗിക്കുന്നതായി കാണാം. ക്രിസ്തുവിൽ നാം വലിയ സാധ്യമായ ശക്തിയെ കണ്ടെത്തുന്നു എന്ന സത്യത്തിന് ഊന്നൽ കൊടുക്കുവാൻ അവൻ ശക്തിയുടെ ഒരു വാക്കിന്മേൽ മറ്റൊന്നായി കൂട്ടിച്ചേർത്തിരിക്കുകയാണ്. അത് അളവറ്റ വലിപ്പമുള്ളതാണ് എന്നാണ് ശക്തിയുടെ കൂട്ടിച്ചേർക്കൽ സൂചിപ്പിക്കുന്നത്.

ക്രിസ്ത്യാനികൾക്കു മാത്രമെ ആ ശക്തി കാണുവാൻ സാധിക്കൂ. വാസ്തവത്തിൽ, ചിലപ്പോൾ, അ – ക്രൈസ്തവർ ദൈവപ്രവൃത്തിയിൽ ബലഹീനത അല്ലാതെ മറ്റൊന്നും കാണുകയില്ല. ക്രൂശിനരികിൽ നിന്ന ആളുകളിൽ ഭൂരിഭാഗം പേരും ദൈവത്തിന്റെ രക്ഷിക്കുന്ന ശക്തിയെ പ്രായോഗികമായി കണ്ടില്ല എന്ന് ഓർമ്മിക്കുക. തോൽവിയും പരാജയവും കാണുന്നു എന്നാണ് അവർക്കു തോന്നിയത് – മശിഹയാണെന്നു ധരിച്ച ഏതോ തെറ്റായി നയിക്കപ്പെട്ട മനുഷ്യന്റെ മരണം.

അതിനു വിപരീതമായി, ദൈവത്തിങ്കലേക്കു തുറന്ന കണ്ണുകൾ ക്രൂശിൽ

ദൈവത്തിന്റെ രക്ഷിക്കുന്ന ശക്തി കണ്ടു. അതു ദൈവത്തിന്റെ വിവരിക്കുവാൻ സാധിക്കാത്ത, മറ്റൊരു – ലൗകിക ശക്തിക്കു സാക്ഷ്യം വഹിക്കുകയാണ്. വിശ്വസിക്കുന്ന എല്ലാവർക്കും നിത്യജീവൻ നല്കുവാനുള്ള ശക്തിയാണ് കല്ലറയിൽ നിന്നു പുറപ്പെട്ടത്.

**ഉപസംഹാരം**

ക്രിസ്ത്യാനികൾ *എക്ലേസ്യ*യിൽ കാണുന്നതു അവിശ്വസിക്കുന്ന ഒരു ലോകത്തിനു കാണുവാൻ കഴിയുകയില്ല. ദൈവം നമുക്കു വെളിച്ചമുള്ള കണ്ണുകൾ തരുന്നു. ലോകത്തെ നമുക്കു വ്യത്യസ്തമായി കാണുവാൻ കഴിയും അങ്ങനെ കഴിയുകയും വേണം. എങ്ങനെയായാലും, ഇതു ഓർമ്മിക്കുക: നിങ്ങളുടെ ഇടവകയും അതിലെ ആളുകളും നിങ്ങളുടെ ജീവിതത്തിൽ സൗകര്യത്തിനുള്ള കട എന്നപോലെ നിലകൊണ്ടാൽ നിങ്ങൾക്ക് പ്രകാശമുള്ള കണ്ണുകളോ പ്രത്യാശയോ ശക്തിയോ ഉണ്ടാവുകയില്ല. ആഴ്ച്ചയിൽ ഒരിക്കൽ മാത്രം കൂടി വരുവാൻ അവിടെ ചെല്ലുകയും, കുറെ നേരം ഇരുന്നശേഷം, വ്യക്തിപരമായ ബന്ധം പുലർത്താതെ തിരിച്ചു പോവുകയുമാണെങ്കിൽ, നിങ്ങൾക്ക് ശക്തിയെ അറിയുവാൻ കഴിയുകയില്ല – പ്രത്യേകിച്ചു ആത്മിക ബന്ധം – മറ്റു ക്രിസ്ത്യാനികളുമായി പുലർത്താതിരുന്നാൽ. അവന്റെ ആളുകളിൽ നിന്നപ്പുറമായി ദൈവത്തെ നിങ്ങൾക്ക് കാണുവാനോ അറിയുവാനോ  കഴിയുകയില്ല.

ഈ കാര്യത്തിൽ പ്രവർത്തിക്കുന്നതിന് പ്രാദേശിക സഭയെ സഹായിക്കുക. നിങ്ങളുടെ അദ്ധ്യക്ഷന്മാരെ പിന്താങ്ങുകയും, ഇടവകക്ക് കൂടുതൽ പൂർണ്ണമായും സ്ഥിരമായും പുതിയ നിയമത്തിലുള്ള “പരസ്പരം” എന്ന കല്പനകൾ പാലിക്കുന്നതിനുള്ള മാർഗ്ഗം കാണിക്കുന്നതിൽ ഗൗരവം ഉണ്ടാകേണ്ടതിന് പ്രോത്സാഹിപ്പിക്കുക. എന്നാൽ, എന്നാൽ മാത്രമേ, ഇടവക കാഴ്ച്ചയുള്ള  കണ്ണുകളുടെ അനുഗ്രഹം അനുഭവിക്കുകയുള്ളു.

---

കുറിപ്പുകൾ

[1]ഈ കല്പനകളിൽ “അന്യോന്യമുള്ള സ്നേഹം” (യോഹന്നാൻ 13:34) ഉൾപ്പെടുന്നു; “സഹോദരപ്രീതിയിൽ അന്യോന്യം സ്ഥായിപൂണ്ടിരിക്കുക” (റോമർ 12:10); “ക്രിസ്തു നിങ്ങളെ കൈക്കൊണ്ടതുപോലെ നിങ്ങളും അന്യോന്യം കൈ ക്കൊൾവിൻ” (റോമർ 15:7); “തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ” (ഗലാത്യർ 6:2); “അന്യോന്യം പ്രബോധിപ്പിപ്പിൻ” (1 തെസലൊനിക്യർ 5:11); “ഓരോരുത്തനു വരം ലഭിച്ചതുപോലെ, വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെകൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ” (1 പത്രൊസ് 4:10); അതുപോലെ പലതും. [2]ആദ്യത്തേത് *ഡുനാമിസ്* ആണ് (“*ശക്തി*”), അതു സ്വാഭാവിക കഴിവ് എന്ന അർത്ഥത്തിലുള്ള ശക്തിയാണ്. രണ്ടാമത്തേതു *എനർജെയിയ* ആണ് (“പ്രവർത്തിക്കുന്ന”), അത് എല്ലാ പ്രതിരോധങ്ങളെയും അതിജീവിക്കുന്ന ശക്തി ആണ്. മൂന്നാമത്തേത് *ക്രാറ്റോസ്* ആണ് (“ബലം”), അത് ഒരു ലക്ഷ്യം നേടുന്നതിനു സമൃദ്ധമായ കഴിവു നല്കുന്ന ശക്തിയാണ്. നാലാമത്തേത് *ഇസ്ചൂസ്* ആണ് (“വീര്യം”), അത് ദാനമായി ലഭിച്ച കഴിവു അല്ലെങ്കിൽ ശക്തിയാണ്.